LIBRARY ARCHIVES Kerala Legislative Assembly

കോവളത്തെ ഹാൾസെയിൻ കൊട്ടാരം ചരിത്രസ്മാരകമാക്കുന്നതിന് ടൂറിസം വകുപ്പ് സ്വീകരിച്ച നടപടികൾ

15 [3602] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളത്തെ ഹാൾസെയിൻ കൊട്ടാരം ചരിത്രസ്മാരകമാക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊട്ടാരം സ്വകാര്യവ്യക്തികൾ കൈവശപ്പെടുത്തിയതായി അറിഞ്ഞ് കൊട്ടാരം റീജിയന്റ് മഹാറാണി സേതുലക്ഷ്മിഭായിയുടെ അനന്തരാവകാശികൾ സർക്കാരിന് നിവേദനം സമർപ്പിക്കുകയുണ്ടായോ;

(സി) പ്രസ്തുത നിവേദനത്തിലുന്നയിച്ചിരിക്കുന്ന സംഗതികളുടെ വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായോ;

(ഡി) കൊട്ടാരവും സ്ഥലവും ഇപ്പോൾ ആരുടെ സംരക്ഷണത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ഇ) ടൂറിസം വകുപ്പ് കൊട്ടാരത്തെ ചരിത്രസ്മാരകമാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി—ഇ) ഈ പ്രശ്നവുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ വിവിധ വശങ്ങൾ പരിശോധിക്കാൻ സർക്കാർ ഒരു ഉന്നതതല കമ്മിറ്റിയെ നിയോഗിച്ചിരിക്കയാണ്. അഡീഷണൽ ചീഫ് സെക്രട്ടറി, അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ, റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി, ടൂറിസം സെക്രട്ടറി, തിരുവനന്തപുരം ജില്ലാ കളക്ടർ എന്നിവർ കമ്മിറ്റിയിൽ അംഗങ്ങളാണ്. കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ചശേഷം സർക്കാർ യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ ആര്യമ്പാവിലുള്ള യാത്രിനിവാസ്

16 [3603] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ ആര്യമ്പാവിലുള്ള യാത്രി നിവാസ് ഉദ്ഘാടനം കഴിഞ്ഞുവെങ്കിലും പ്രവർത്തനം ആരംഭിക്കാത്തത് എന്തുകൊണ്ട്;

(ബി) ഈ സ്ഥാപനം ആർക്കെങ്കിലും പാട്ടത്തിന് നൽകുവാൻ ഉദ്ദേശിക്കുന്നുവോ;

(സി) എങ്കിൽ അതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ഡി) ഏതെങ്കിലും വ്യക്തികളോ ഏജൻസികളോ പാട്ടത്തിന് ലഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടോ;

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പാട്ടത്തിന് നൽകാൻ വ്യവസ്ഥയുണ്ടോ;

(എഫ്) ഓരോ മാസവും ഇതിന്റെ പരിചരണത്തിനുവേണ്ടി എത്ര രൂപ വീതമാണ് സർക്കാർ ചെലവഴിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മണ്ണാർക്കാട് ടൂറിസം വകുപ്പ് നിർമ്മിച്ച യാത്രി നിവാസ് സ്വകാര്യ സംരംഭകർക്ക് പാട്ടത്തിന് നൽകുവാനായി പരസ്യം ചെയ്തിരുന്നുവെങ്കിലും യോഗ്യതയുള്ള ഏജൻസികളെ തെരഞ്ഞെടുക്കാൻ കഴിയാത്തതിനാലാണ് പ്രവർത്തനം ആരംഭിക്കാത്തത്.

(ബി) ഉദ്ദേശിക്കുന്നുണ്ട്.

(സി) തീരുമാനമായില്ല.

(ഡി) കെ.ടി.ഡി.സി. ഈ യൂണിറ്റ് പാട്ടത്തിന് എടുക്കാൻ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

(ഇ) ഇപ്പോൾ വ്യവസ്ഥയില്ല.

(എഫ്) നിലവിൽ ഇതിന്റെ പരിചരണം കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിലാണ് നടന്നുവരുന്നത്.

ഗസ്റ്റ്ഹൗസുകളും കെ.ടി.ഡി.സി. ഹോട്ടലുകളും

17 [3604] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിലുള്ള എത്ര ഗസ്റ്റ്ഹൗസുകൾ പുതുക്കി പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ട്;

(ബി) പുതുതായി ഗസ്റ്റ്ഹൗസുകൾ പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ എന്ന് വ്യക്തമാക്കാമോ;

(സി) ടൂറിസം വകുപ്പിന്റെ ഏതെല്ലാം ഗസ്റ്റ് ഹൗസുകൾ കെ.ടി.ഡി.സി.-യെ ഏൽപ്പിച്ചിട്ടുണ്ട്;

(ഡി) കെ.ടി.ഡി.സി.-യുടെ ഏതൊക്കെ ഹോട്ടലുകൾ ഈ കാലയളവിൽ പുതുക്കിപ്പണിതിട്ടുണ്ട്; കെ.ടി.ഡി.സി.-യുടെ പുതിയ ഹോട്ടലുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) മസ്ക്കറ്റ് ഹോട്ടലിന്റെ പുതുക്കിപ്പണിയലിന് എന്ത് തുക ചെലവായി എന്നും ഇവിടെ എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തിയെന്നും വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly